# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.4)1612/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.4)1612/2023 തീയ്യതി: 13/12/2023

## എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 11-10-2023 | 18-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-10-2023 | 18-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അജിമോൻ പി.പി. ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരീഷ്ബാബു എൻ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സജീവ് എൻ.എം. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. കിരൺ. കെ.എസ്. ഓഡിറ്റർ

ശ്രീ. മുഹമ്മദ് ഷാഫി. വി.എം. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോമോൻ പി.യു. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സി.മണികണ്ഠൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബെഷി വി.ജെ. | കൃഷി ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീമതി. നിഷ പി.എസ്. | കൃഷി ഓഫീസർ | 01-08-2022 | 31-03-2023 |
| ശ്രീമതി.ആഷാദേവി. ബി. | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.മാത്യൂസ് നംബേലി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ദീപ്തി എസ്.ആർ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.ഡയാനാമോൾ പി.വി. | മെഡിക്കൽ ഓഫീസർ -ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജിഷാ മെറിൻ ജോസ് | ഹെഡ്മിസ്ട്രസ് | 01-04-2022 | 07-06-2022 |
| ശ്രീമതി. ലാലി ടി.ജെ. | ഹെഡ്മിസ്ട്രസ് | 08-06-2022 | 31-03-2023 |
| ശ്രീ.പ്രശാന്ത് ഇ.എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സീന ഉത്തമൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 29-08-2022 |
| ശ്രീമതി.മനീഷ ടി.എ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 30-08-2022 | 03-01-2023 |
| ശ്രീമതി.അനിത എം.ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 04-01-2023 | 31-03-2023 |
| ഡോ.ജൈബി കെ. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.സബീന ടി.എം. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.മുകുൾ എസ്.വി. | വി.ഇ.ഒ.അയ്യമ്പുഴ | 01-04-2022 | 16-07-2022 |
| ശ്രീമതി സ്മിതാ കെ. ശശീന്ദ്രൻ | വി.ഇ.ഒ.അയ്യമ്പുഴ (ചാർജ്ജ്) | 17-07-2022 | 19-07-2022 |
| ശ്രീ. റെജി ടി.ആർ. | വി.ഇ.ഒ.അയ്യമ്പുഴ | 20-07-2022 | 31-03-2023 |
| ശ്രീ.മുകുൾ എസ്.വി. | വി.ഇ.ഒ.ചുള്ളി (ചാർജ്ജ് ) | 01-04-2022 | 17-04-2022 |
| ശ്രീമതി.സ്മിതാ കെ.ശശീന്ദ്രൻ | വി.ഇ.ഒ.ചുള്ളി | 18-04-2022 | 19-07-2022 |
| ശ്രീ.റെജി ടി.ആർ. | വി.ഇ.ഒ.ചുള്ളി (ചാർജ്ജ് ) | 20-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാങ്ക് അക്കൗണ്ടുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല. | 1-1-1 |
| 3 | ബാങ്ക് റിക്കൺസിലിയേഷൻ - ക്രമപ്രകാരമല്ല | 1-1-2 |
| 4 | ഇലക്ഷൻ ഡെപ്പോസിറ്റ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി. | 1-1-3 |
| 5 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ക്രമീകരിക്കാത്ത നിക്ഷേപ തുക ആസ്തി ബാദ്ധ്യത കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-1-6 |
| 8 | റിഡംപ്ഷൻ തുക പൂർണ്ണമായും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷ**ൻ** | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനത് വരുമാനം - അവലോകനം | 1-11 |
| 19 | തൊഴി**ൽ** നികുതി പിരിവ് കാര്യക്ഷമമല്ല | 1-12 |
| 20 | ഇ.ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുവാൻ അവശേഷിക്കുന്നു | 1-13 |
| 21 | റിഡംപ്ഷൻ തുക തിരികെ ലഭിച്ചിട്ടില്ല. | 1-14 |
| 22 | ഇലക്ഷൻ ഡെപ്പോസിറ്റ് - തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. | 1-15 |
| 23 | ക്രമീകരിക്കപ്പെടാത്ത 39.88 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ | 1-16 |
| 24 | ഹോമിയോ ഡിസ്പെൻസറി മരുന്ന് - പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-17 |
| 25 | പൊതുടാപ്പ് നീക്കം ചെയ്യുന്നതിന് തുക നൽകൽ - അപാകതകൾ | 1- 18 |
| 26 | കോക്ലിയർ ഇംപ്ലാന്റ് മെയ്ന്റനൻസ്- വിനിയോഗവിവരം ലഭ്യമല്ല. | 1- 19 |
| 27 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - വിനിയോഗ | 1- 20 |

| | | |
|---|---|---|
| | സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | |
| 28 | കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചിട്ടില്ല | 1- 21 |
| 29 | കാലിത്തീറ്റ വിതരണം-പൊതുവായ അപാകതകൾ | 1- 22 |
| 30 | അധിക തുക നൽകി | 1-23 |
| 31 | പ്ലാന്റേഷൻ പൊതു ടോയ്‌ലറ്റ് - സർക്കാരിന്റെ അനുവാദം ലഭിക്കാതെ പ്രവൃത്തി ചെയ്തു | 1-24 |
| 32 | പാണ്ടുപാറ ഒറ്റത്തേക്ക് ഫോറസ്റ്റ് റോഡ് ടൈലിംഗ് - പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന വസ്തുവിൽ അല്ല പ്രവൃത്തി ചെയതത് | 1-25 |
| 33 | പള്ളിപ്പാടൻ കവല ലക്ഷ്മി ഭവൻ റോഡ് സൈഡ് കെട്ടലും കൽവർട്ട് നിർമ്മാണവും ഐറിഷ് ഡ്രെയ്ൻ നിർമ്മാണവും | 1-26 |
| 34 | മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു. | 1- 27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.07.2023 ലെ 3(1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്

തീയതി: 13/12/2023 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ബാങ്ക് അക്കൗണ്ടുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല.

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള താഴെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| 1 | Canara Bank Angamali, Health Grant, A/c No. 11004252980 |
| 2 | Federal Bank Manjapra – Life Scheme A/c No. 10430100279055 |
| 3 | HDFC Aluva – BMC A/c No.50100543709654 |
| 4 | Federal Bank Manjapra – Poverty Identification A/c No.10430100280939 |

### 1-1-2 ബാങ്ക് റിക്കൺസിലിയേഷൻ - ക്രമപ്രകാരമല്ല

Federal Bank Manjapra (Google Pay) A/c No. 10430100281515 വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരുപ്പ് ₹151492/- രൂപയാണ്. ഈ അക്കൌണ്ടിന്റെ പാസ് ബുക്ക് ബാലൻസ് ₹151647/- രൂപയാണ്. ₹155/- രൂപയുടെ വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.

### 1-1-3 ഇലക്ഷൻ ഡെപ്പോസിറ്റ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി.

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ഉള്ള ₹17500/- 340100303 Election Deposit എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിന് പകരം 340109901 Other Deposits എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-1-4 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-5 ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല

മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ സ്വീകരിക്കുന്നതിനായി അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.യിൽ ആരംഭിച്ചിട്ടുള്ള കറന്റ് അക്കൗണ്ടിൽ (നം.37122907960) 31.03.2023 ൽ ₹73,471.70 നീക്കിയിരിപ്പുണ്ട്. ഈ തുക ആസ്തി ബാദ്ധ്യത കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-6 ക്രമീകരിക്കാത്ത നിക്ഷേപ തുക ആസ്തി ബാദ്ധ്യത കണക്കിൽ ഉൾപ്പെടുത്തിയില്ല.

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ (എസ്.0064/23) എന്ന പ്രോജക്ടിനായി വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച ₹2,24,200/- യും പൊതുടാപ്പ് നീക്കം ചെയ്യുന്നതിന് തുക നൽകൽ (എസ്.0199/24) എന്ന പ്രോജക്ടിനായി ജല അതോറിറ്റിയിൽ നിക്ഷേപിച്ച ₹2,04,300/- യും ആസ്തി ബാദ്ധ്യത കണക്കിൽ (ബി.18 ഷെഡ്യൂൾ) ഉൾപ്പെടുത്തിയില്ല.

1-1-7 റിഡംപ്ഷൻ തുക പൂർണ്ണമായും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

എ.എഫ്.എസ്. ഷെഡ്യൂൾ RP 45 ലെ 431500199 Receivable Redemption (P) പ്രകാരം ₹772991/- ചെലവ് ഉണ്ട്. ഈ തുകകൾ ഒന്നും തന്നെ ഓഡിറ്റ് വർഷത്തിൽ തിരികെ ലഭിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് ബി.15 ഷെഡ്യൂൾ പ്രകാരം Receivable Redemption ( 431500199) എന്ന ശീർഷകത്തിൽ ₹3,35,391/- മാത്രമാണ് തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്.

1-2 ബജറ്റ്

അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 21.03.2022 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് 26.03.2022 ലെ 1 -ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 10.02.2023 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചത് പഞ്ചായത്ത് കമ്മിറ്റി 18.03.2023 ലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1 തീയതി 26.03.2022) | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 2/1 തീയതി 18.03.2023) |
|---|---|---|
| മുന്നിരുപ്പ് | ₹ 18,96,491.30 | ₹ 1896491.30 |
| വരവ് | ₹ 24,85,15,000.00 | ₹ 32,13,96,837.00 |
| ചെലവ് | ₹24,91,39,000.00 | ₹ 32,05,47,755.00 |
| നീക്കിയിരുപ്പ് | ₹ 12,72,491.30 | ₹ 27,45,573.30 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും

വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരുപ്പ് | : ₹1,01,11,928.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : ₹2,97,56,832.00 |
| ആകെ | : ₹3,98,68,760.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : ₹2,71,01,406.00 |
| നീക്കിയിരുപ്പ് | : ₹1,27,67,354.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹1,83,74,000 | ₹1,83,74,000 | ₹1,68,85,636 | ₹14,88,364 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹ 44,13,000 | ₹ 44,13,000 | ₹ 44,13,000 | 0 | - |
| വികസന ഫണ്ട് (ടി.എസ്.പി) | - | ₹21,000 | ₹21,000 | ₹18,666 | ₹2,334 | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | ₹2,72,75,000 | ₹2,72,75,000 | ₹1,37,48,369 | ₹ 1,35,26,631 | - |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | ₹ 45,70,000 | ₹ 45,70,000 | ₹ 38,20,172 | ₹ 7,49,828 | - |
| ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) Bank | ₹22,016 | ₹30,63,860 | ₹30,85,876 | ₹30,71,681 | - | ₹14,195 |
| ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) Tresury | - | ₹2,36,948 | ₹2,36,948 | ₹2,24,200 | ₹12,748 | - |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) Bank | ₹21,57,190 | ₹43,97,000 | ₹65,54,190 | ₹34,86,582 | - | ₹30,67,608 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) Treasury | - | ₹10,64,681 | ₹10,64,681 | ₹10,11,459 | ₹53,222 | |
| ഐ.സി.ഡി.എസ്. 320100125 | ₹1,72,829 | ₹7,78,314 | ₹9,51,143 | ₹1,17,346 | - | ₹8,33,797 |
| അങ്കനവാടി നെയിം ബോർഡ് | ₹33,000 | 0 | ₹33,000 | 0 | - | ₹33,000 |

| | | | | | | |
|---|---|---|---|---|---|---|
| 320100196 | | | | | | |
| റൂറൽ ഹൌസിങ്ങ് 320100160 | ₹4,00,000 | ₹17,00,000 | ₹21,00,000 | ₹8,00,000 | - | ₹13,00,000 |
| ശുചിത്വമിഷൻ 320100198 | ₹32,500 | 0 | ₹32,500 | 0 | - | ₹32,500 |
| Health Grant – Support For Diagnostic Infrastructure 320100202 | 0 | ₹2,10,939 | ₹2,10,939 | ₹2,08,160 | - | ₹2,779 |
| Health Grant – Building Less Subcentres, PHCs, CHCs 320100203 | 0 | ₹81,142 | ₹81,142 | ₹3,950 | - | ₹77,192 |
| ലൈഫ് സ്റ്റേറ്റ് ഷെയർ 320200399 | ₹34,28,532 | ₹2,57,450 | ₹36,85,982 | ₹17,02,770 | - | ₹19,83,212 |
| ടോട്ടൽ സാനിട്ടേഷൻ 320100181 | ₹12,81,028 | 0 | ₹12,81,028 | ₹3,67,977 | - | ₹9,13,051 |
| അദർ ഗവ. ഏജൻസീസ് 320300199 | ₹7,510 | ₹1,05,805 | ₹1,13,315 | 0 | - | ₹1,13,315 |
| എപിഡെമിക് കൺട്രോൾ 320100195 | ₹69,589 | - | ₹69,589 | 0 | - | ₹69,589 |
| അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് 320400199 | ₹63,923 | 0 | ₹63,923 | 0 | - | ₹63,923 |
| സി.എസ്.ആർ. 320600101 | ₹2,19,873 | ₹4,397 | ₹2,24,270 | 0 | - | ₹2,24,270 |

കുറിപ്പ്:

- വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹13,24,097 ഉൾപ്പെടുന്നുണ്ട്. കൂടാതെ ചെലവ് തുകയിൽ റവന്യൂ ചെലവ് ₹ 1,58,50,444 രൂപയും കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ₹10,35,192 രൂപയും ഉൾപ്പെടുന്നുണ്ട്.
- വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹8,48,455 ഉൾപ്പെടുന്നുണ്ട്.
- മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് ചെലവിൽ ₹34,50,172 രൂപ റവന്യൂ ചെലവും ₹3,70,000 രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷനും ഉൾപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാ | ഭാഗികമായി നടപ്പാ | നടപ്പാക്കാത്തവ. എണ്ണം | പൂർത്തീക രിച്ച പ്രോജ |
|---|---|---|---|---|---|---|

| (എണ്ണം) | | | ക്കിയത്. എണ്ണം | ക്കിയത്. എണ്ണം | | കുകളുടെ % |
|---|---|---|---|---|---|---|
| 206 | ₹18,10,14,153 | ₹5,50,80,633 | 128 | 74 | 4 | 62.13% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹8,99,058 | ₹8,11,542 | ₹17,10,600 | ₹17,06,233 | ₹4,367 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | ₹4,17,69,179 | ₹4,17,69,179 | ₹4,17,69,179 | - |
| ആകെ | ₹8,99,058 | ₹4,25,80,721 | ₹4,34,79,779 | ₹4,34,75,412 | ₹4,367 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹19,37,200.00 | 178 |
| വിധവാ പെൻഷൻ | ₹61,53,200.00 | 557 |
| വാർദ്ധക്യകാല പെൻഷൻ | ₹1,99,22,000.00 | 2001 |
| വികലാംഗപെൻഷൻ | ₹ 22,74,800.00 | 208 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹ 2,80,000.00 | 24 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹ 30,000.00 | 1 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹889.00 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതലകൾ കൃത്യമായി സെക്രട്ടറി വിഭജിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ദൈനംദിന ഓഫീസ് പ്രവർത്തനങ്ങൾ നടത്തിപ്പോരുന്നു.
2) ഗ്രാമപഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷികപദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതലനിയന്ത്രണം സാധ്യമാക്കിയിട്ടില്ല.

3) ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും വിവിധ സെക്ഷനുകളുടെ പേഴ്സണൽ രജിസ്റ്റർ പരിശോധനയിൽ മാസാന്ത്യ വിലയിരുത്തൽ നടത്തി കുടിശ്ശിക ഫയലുകൾ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ മേലുദ്യോഗസ്ഥർ അത് പരിശോധിക്കുകയോ ചെയ്യുന്നില്ല. ഓരോ സെക്ഷനിലും ഉള്ള കുടിശ്ശിക ഫയലുകൾ സംബന്ധമായ വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാകുന്നതിനും സെക്ഷനുകൾക്ക് ലഭിക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കപ്പെടുന്നോ എന്ന് വിലയിരുത്തുന്നതിനും ഇത് തടസ്സമാകുന്നു. രജിസ്റ്റർ കൃത്യമായി എഴുതുന്നതിനും മേൽപരിശോധന നടത്തുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധചെലുത്തേണ്ടതാണ്.

4) ഓഫീസ് മീറ്റിംഗ് - ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്.

5) ഭരണ സംവിധാനം- ഓഡിറ്റ് വർഷം ഭരണ സമിതി 17 തവണ യോഗം ചേർന്നിട്ടുണ്ട്. വികസനം, ക്ഷേമം, പൊതുമരാമത്ത്, ആരോഗ്യ വിദ്യാഭ്യാസം, ധനകാര്യം, എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളും ജില്ലാ പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ തങ്ങളുടെ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണ്ണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകൾ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്.
6) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.
7) പദ്ധതി പ്രവർത്തനങ്ങളിൽ മോണിറ്ററിംഗിന്റെ അഭാവം ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിവിധ പദ്ധതികൾക്കായി കോടിക്കണക്കിന് രൂപ ചെലവഴിക്കപ്പെടുന്നുണ്ട് എങ്കിലും പദ്ധതികൾ ഫലവത്തായി നടന്നിട്ടുണ്ടോ എന്നത് കൃത്യമായി പരിശോധിക്കപ്പെടുന്നില്ല. മോണിറ്ററിംഗ് സമിതികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾക്കായി കേരള ജല അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് കൈമാറുന്ന തുകകൾ സമയബന്ധിതമായും, ഫലപ്രദമായും വിനിയോഗിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരും, ഭരണ സമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിൽ കൈമാറുന്ന തുകകൾ ബന്ധപ്പെട്ട ഏജൻസികളിൽ വർഷങ്ങളോളം വിനിയോഗിക്കപ്പെടാതെ സ്ഥിതി ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്.
8) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്.
9) ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ആയത് പൂർത്തീകരിച്ച് സൂക്ഷിക്കേണ്ടതാണ്.
10) ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.11.2022 | 08/2021 മുതൽ 10/2021 വരെ | 19.11.2022 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.10.19 – 6.11.19 | 2014-15 മുതൽ 2018-19 വരെ | 21.11.2019 |

## 1-11 തനത് വരുമാനം - അവലോകനം

എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽ അങ്കമാലി ബ്ലോക്കിൽ ആകെ 13 വാർഡുകളിലായി വ്യാപിച്ചാണ് അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. നികുതി - നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ്

ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള ( രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം.
2) 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.
3) അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ടൂറിസം പ്രാധാന്യമുള്ളതും നിലവിൽ ഡി.റ്റി.പി.സി. കൈവശം വച്ചിരിക്കുന്നതുമായ പ്രദേശമാണ് ഏഴാറ്റുമുഖം. ഇവിടെ നിന്നും ഗ്രാമപഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കുന്നില്ല. അവിടെ നിന്നുള്ള വരുമാനം ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിന് സർക്കാർ തലത്തിൽ വേണ്ട ഇടപെടൽ നടത്താവുന്നതാണ്.
4) തൊഴിൽ നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിലൂടെ നികുതി ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്. ആയവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചചെയ്യുകയും ചട്ടവിധേയമായി നൂതന ആശയങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2022-2023 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി(രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|---|
| 1 | 8/22-23 | ചിഞ്ചു ഫർണിച്ചർ വർക്ക്സ് | 2 |
| 2 | 16/22-23 | ഡൈനാമിക് ടെക്നോ മെഡിക്കൽസ് | 4 |
| 3 | 84/22-23 | മഹാമായ സെന്റർ ഫോർ കോൺഷ്യസ്നെസ് | 5 |

2) 2022-23 വർഷം പഞ്ചായത്തിലെ റേഷൻ ഡിപ്പോകളുടെ നടത്തിപ്പുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/12.10.23) മറുപടി ലഭിച്ചു. മറുപടി പ്രകാരം തൊഴിൽ നികുതി അടച്ചതായി രേഖകൾ നൽകിയ സ്ഥാപനങ്ങളെ ഒഴിവാക്കി. ബാക്കിയുള്ള സ്ഥാപനങ്ങളെയാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി അവർക്ക് ബാധകമാകുന്ന നിരക്കിൽ ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഇ.ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുവാൻ അവശേഷിക്കുന്നു

മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ സ്വീകരിക്കുന്നതിനായി അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.യിൽ ആരംഭിച്ചിട്ടുള്ള കറന്റ് അക്കൗണ്ടിൽ (നം.37122907960) 31.03.2023 ൽ ₹73,471.70 നീക്കിയിരിപ്പുണ്ട്. കറണ്ട് അക്കൗണ്ടിലെ തുകയ്ക്ക് പലിശ ലഭിക്കാത്തതിനാൽ പ്രസ്തുത തുക തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി നൽകാത്തതിനാൽ ലഭിക്കുമായിരുന്ന പലിശയും നഷ്ടമാകുന്ന അവസ്ഥ ഉണ്ടാകുന്നു. മാത്രമല്ല ഈ തുക ആസ്തി ബാദ്ധ്യത കണക്കിൽ കിട്ടാനുള്ള തുകയായി

ഉൾപ്പെടുത്തിയിട്ടുമില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ₹50,000/- 14.7.2023 ലെ 583336 -ാം നമ്പർ ചെക്ക് മുഖാന്തിരം തനത് ഫണ്ട് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടെന്നും ബാക്കി തുക അടവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
കണക്കുകൾ പരിശോധിച്ച് പഞ്ചായത്തിന് ലഭിക്കേണ്ട തുക മുഴുവനായും തനത് ഫണ്ട് അക്കൗണ്ടിലേക്ക് യഥാസമയം തന്നെ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 റിഡംപ്ഷൻ തുക തിരികെ ലഭിച്ചിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ RP 45 ലെ 431500199 Receivable Redemption (P) പ്രകാരം ₹772991/- ചെലവ് ഉണ്ട്. ഇത് മൂന്ന് അക്കൗണ്ടുകളിൽ നിന്നും താഴെ ചേർക്കും പ്രകാരം റിഡംപ്ഷൻ നടത്തിയിട്ടുള്ളതാണ്.

| അക്കൌണ്ട് നംപർ | റിഡംപ്ഷൻ തുക | ഉത്തരവ് നം. |
|---|---|---|
| LGTSB -Ownfund A/c No. 799013000000916 | ₹6,10,307 | Try/1458/2023/F.2 /30.03.23 |
| Treasury STSB A/c 711091400000007 | ₹18,642 | Try/1140/20/23. F.2/17.3.2023 / Tvm |
| STSB A/c No.799011400001198 | ₹1,44,042 | Try/1458/2023-F.2 / 30.03.23 |
| Total | ₹7,72,991 | |

ഇതിൽ STSB അക്കൌണ്ടിൽ നിന്നും കുറവ് ചെയ്ത ₹1,44,042/- 04.04.2023 ൽ തിരികെ അക്കൌണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്. ബാക്കി ₹6,28,949/- തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭിക്കുന്നതിന് വേണ്ടി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/11.10.23) മറുപടി ലഭ്യമാക്കിയില്ല. റിഡംപ്ഷൻ ഇനത്തിൽ കുറവ് ചെയ്ത തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-15 ഇലക്ഷൻ ഡെപ്പോസിറ്റ് - തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹17,500/- ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം നീക്കിയിരുപ്പ് ഉണ്ട്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം തനത് ഫണ്ടിൽ മുതൽ കൂട്ടാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/11.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 ക്രമീകരിക്കപ്പെടാത്ത 39.88 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ

വാർഷിക ധനകാര്യപത്രിക പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ ക്രമീകരിക്കപ്പെടാതെ ബാക്കിനിൽക്കുന്നുണ്ട്. ഇതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

എ) കേരള ജലഅതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500201 | ₹26,66,239 | 0 | 0 | ₹26,66,239 |

നിക്ഷേപ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 16-17 | മൂല്ലേപ്പാറ കുടിവെള്ള പ്രോജക്ട് (എസ്.0109/18) | 21700811/ 26.10.17 | ₹1,48,680 | - | ₹1,48,680 |
| 17-18 | പൈപ്പ് ലൈൻ ഇൻസ്റ്റലേഷൻ മൂലേപ്പാറ പമ്പ് ഹൌസ് (എസ്.0046/18) | 21700826/15.11.17 | ₹1,01,471 | - | ₹1,01,471 |
| 18-19 | പോട്ടയിലെ പുതിയ പബ്ലിക് ടാപ്പ് എക്സ്റ്റൻഷൻ | 2180032/5.4.18 | ₹4,900 | - | ₹4,900 |
| | ഉദ്യാപുരം റോഡ് പൈപ്പ് ലൈൻ കട്ടിങ്ങ് (എസ്.11/19) | 21805557/ 24.9.18 | ₹2,13,423 | - | ₹2,13,423 |
| | മൂലേപ്പാറ കുടിവെള്ള പദ്ധതിയിൽ പുതിയ മോട്ടോർ (എസ്.0012/19) | 21800660/ 24.10.18 | ₹1,30,365 | - | ₹1,30,365 |
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (എസ്.0212/19) | 21801320/ 31.3.19 | ₹2,78,400 | - | ₹2,78,400 |
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (എസ്.0010/19) | 21801100/ 31.3.19 | ₹5,50,000 | - | ₹5,50,000 |
| 20-21 | വിവിധ വാർഡുകളിൽപൈപ്പ് ലൈൻ എക്സ്റ്റൻഷൻ (എസ്.0158/21) | 22000935/ 31.3.21 | ₹10,89,000 | - | ₹10,89,000 |
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (എസ്.0220/21) | 22000999/ 31.3.21 | ₹1,50,000 | - | ₹1,50,000 |
| 22-23* | പൊതുടാപ്പ് നീക്കം ചെയ്യുന്നതിന് തുക നൽകൽ (എസ്.0199/23) | UTR RBI 0692345621796/ 9.3.23 | ₹2,04,300 | - | ₹2,04,300 |
| ആകെ | | | ₹28,70,539 | - | ₹28,70,539 |

* ഈ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500202 | ₹2,65,500 | ₹10,56,100 | 0 | ₹13,21,600 |

നിക്ഷേപ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 21-22 | വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | 22101082 / 31.03.2022 | ₹2,65,500 | - | ₹2,65,500 |
| 22-23 | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ (എസ്.0003/23) | XVFC/2022-23 /P/61/14.2.23 | ₹10,56,100 | - | ₹10,56,100 |
| | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | BRN 29158/ 11.8.22 | ₹2,24,200 | | ₹ 2,24,200* |

| | | | |
|---|---|---|---|
| (എസ്.0064/23) | | | |
| ആകെ | ₹15,45,800 | - | ₹15,45,800 |

* ഈ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രവൃത്തികൾക്ക് മുൻകൂർ തുക നിക്ഷേപിക്കുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതമുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുമാണ്. ഇക്കാര്യം വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

## 1-17 ഹോമിയോ ഡിസ്പെൻസറി മരുന്ന് - പൂർണ്ണമായും ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | എസ്.0014/23 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 1,00,000.00 സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| ചെലവ് വിവരം | ₹1,00,000.00 സംരക്ഷണ ഗ്രാന്റ് (റോഡിതരം) UTR RBI 3292257163397/24.11.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് നം. PF. 845/21.11.22 പ്രകാരം ₹1,00,000/- മെസേഴ്സ് ഹോംകോയ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. മരുന്ന് സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച് ഹോംകോയും നിർവ്വഹണ ഉദ്യോഗസ്ഥയുമായി 10.01.2023 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മുൻകൂറായി പണം നൽകിയെങ്കിലും ഇൻവോയ്സ് നം. LF 832/3.8.2023 പ്രകാരം ₹47,251/- യ്ക്ക് മാത്രമാണ് മരുന്ന് ലഭ്യമാക്കിയിട്ടുള്ളത്. മുൻകൂർ നൽകിയ തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭ്യമാക്കിയിട്ടില്ല. ₹52,749/- യുടെ മരുന്ന് ഇനിയും ലഭ്യമാക്കുവാനുണ്ട്. പണം മുൻകൂർ നൽകിയിട്ടും അടുത്ത സാമ്പത്തിക വർഷം മാത്രമാണ് ഭാഗികമായി മരുന്ന് ലഭ്യമാക്കിയിട്ടുള്ളത്. ഇങ്ങനെ വളരെ വൈകി മാത്രം മരുന്ന് ലഭ്യമാക്കിയത് അതും ഭാഗികമായി മാത്രം, രോഗികളായ ഗുണഭോക്താക്കൾക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിന് വിഘാതമായിട്ടുണ്ട് എന്ന് കാണുന്നു.

യഥാസമയം മരുന്ന് ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയും പഞ്ചായത്തിന്റെ ആരോഗ്യകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയും, നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 7/11.10.2023) മരുന്നുകൾ ഉടൻ ലഭ്യമാക്കുവാൻ ഹോംകോയ്ക്ക് ഓഡിറ്റ് എൻക്വയറി സഹിതം മെയിൽ ചെയ്യുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി ₹52,749/- ചെലവ് തടസ്സപ്പെടുത്തുന്നു.

മരുന്ന് യഥാസമയം ലഭ്യമാക്കാത്തതിനാൽ രോഗികൾക്ക് ചികിത്സ ലഭിക്കുന്നതിന് തടസ്സം നേരിടുന്നത് സംബന്ധിച്ച് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1- 18 പൊതുടാപ്പ് നീക്കം ചെയ്യുന്നതിന് തുക നൽകൽ - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | പൊതുടാപ്പ് നീക്കം ചെയ്യുന്നതിന് തുക നൽകൽ (S0199/23) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹2,04,300/- |
| ചെലവ് | ₹2,04,300/- (ബിൽ നം/തീയതി- 70690/01.03.23) |

2021-22 സാമ്പത്തിക വർഷം 173/22 പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 310 പൊതുടാപ്പുകളിൽ ഉപയോഗയോഗ്യമല്ലാത്തതും നിലവിലില്ലാത്തതുമായ 102 ടാപ്പുകൾ വിച്ഛേദിക്കാൻ കരാർ പ്രകാരമുള്ള തുക നൽകിയെങ്കിലും 69 ടാപ്പുകൾ മാത്രം വിച്ഛേദിക്കുകയും ഒരു പുതിയ ടാപ്പ്

സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം പൊതുടാപ്പ് നീക്കം ചെയ്യുന്നതിന് തുക നൽകൽ (S 0199/23) എന്ന പ്രൊജക്ട് പ്രകാരം നിലവിലുള്ള 242 പൊതുടാപ്പുകളിൽ ഉപയോഗയോഗ്യമല്ലാത്ത 127 ടാപ്പുകൾ വിച്ഛേദിക്കാൻ 28.02.2023 ന് വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയറുമായി കരാർ ( നം.199/22-23/14 ) ഒപ്പുവയ്ക്കുകയും 09.03.2023 ന് എസ്റ്റിമേറ്റ് തുകയായ ₹2,04,300/- കൈമാറുകയും ചെയ്തു. ഫയൽ വിശദമായി പരിശോധിച്ചതു പ്രകാരം കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) കരാറിലെ വ്യവസ്ഥ 6 പ്രകാരം ഈ പ്രവൃത്തിക്കായുള്ള നിക്ഷേപ തുക അടച്ച് മൂന്നു മാസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കണമെന്നുണ്ടെങ്കിലും എന്നാണ് പൂർത്തിയാക്കുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല.
2) നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പണം അടച്ചതിനു ശേഷവും 242 ടാപ്പുകളുടെ വെള്ളക്കരമാണ് ജല അതോറിറ്റി ഡിമാന്റ് ചെയ്യുന്നതും പഞ്ചായത്ത് അടവാക്കുന്നതും.

3) 2023 ജനുവരി വരെ ഒരു ടാപ്പിനുള്ള വെള്ളക്കരം 5,788.13/വർഷം രൂപയായിരുന്നത് 2023 ഫെബ്രുവരി മാസം മുതൽ ഒരു ടാപ്പിന് ₹14,559.12 /വർഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതു കാരണം മേൽപ്പറഞ്ഞ 127 ടാപ്പുകൾ വിച്ഛേദിക്കാത്തതിനാൽ ഭീമമായ തുക പഞ്ചായത്തിന് അടവാക്കേണ്ടി വരുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/12.10.2023) മറുപടി ലഭ്യമാക്കിയില്ല. ടാപ്പുകൾ വിച്ഛേദിക്കുവാൻ തുക ഡെപ്പോസിറ്റ് ചെയ്ത തീയതി മുതലുള്ള വെള്ളക്കരം ക്രമീകരിക്കുവാനും കരാറിൽ പറഞ്ഞ 127 ടാപ്പുകളും വിച്ഛേദിക്കുന്നതിനുള്ള പ്രവൃത്തി കരാർ നിരക്കിൽ നിർവ്വഹിക്കുവാനും വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടേണ്ടതും ഡെപ്പോസിറ്റ് തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ₹2,04,300.00 ചെലവ് തടസ്സപ്പെടുത്തുന്നു.

1- 19 കോക്ലിയർ ഇംപ്ലാന്റ് മെയ്ന്റനൻസ്- വിനിയോഗവിവരം ലഭ്യമല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ/പേര് | 149/23<br>ഭിന്നശേഷി കോക്ലിയർ ഇംപ്ലാന്റ് |
| അടങ്കൽ | ₹1,00,000/- വികസന ഫണ്ട്-ജനറൽ |
| ചെലവ് | ₹1,00,000/- – വികസന ഫണ്ട്-ജനറൽ |
| ബിൽ നം | 66375/6.12.2022 |

1) മേൽ പദ്ധതിയുടെ നടത്തിപ്പിനായി രണ്ട് കുട്ടികളുടെ (ഒരു കുട്ടിക്ക് ₹50,000/- വീതം) കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനായി ഒരു ലക്ഷം രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയതായി കാണുന്നു. എന്നാൽ പ്രസ്തുത ഉപകരണങ്ങൾ മെയിന്റനൻസ് നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.
2) സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

3) കേരള സാമൂഹ്യ സുരക്ഷാ മിഷൻ, എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.11.2019 – ലെ പി2/292 /18/കെ.എസ്.എസ്.എം. നമ്പർ കത്ത് പ്രകാരം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേക്കായി അപേക്ഷയോടൊപ്പം ഫണ്ട് ട്രാൻസ്ഫർ ചെയ്തതിന്റെ UTR Number ന്റെ പകർപ്പ് സഹിതം എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ കാര്യാലയത്തിലേക്ക് ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കുവാൻ സാധിക്കുന്നതല്ല എന്നറിയിച്ചിട്ടുണ്ട്. ആയത് പ്രസ്തുത കാര്യാലയത്തിലേക്ക് അയച്ചത് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 13.10.2023 ലെ എൻക്വയറി നം 24-ന് മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവു തുകയായ ₹1,00,000/- തടസ്സപ്പെടുത്തുന്നു. സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1- 20 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

1)സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പ്രൊജക്ടിനായി അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറിയെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.

| പ്രൊജക്ട് | ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| PMAYവിഹിതം -167/23 | പ്ലാൻ -ജനറൽ | ₹280000/- | ₹280000/- | 232/31.01.2023 |

2)KWA, KSEB തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് വിവിധ പ്രൊജക്ടുകൾക്കായി പഞ്ചായത്തിൽ നിന്നും തുക നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നം/വൌച്ചർ നം/ തീയതി |
|---|---|---|---|---|---|
| 1 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ.-64/23 | CFC | ₹2,27,805/- | ₹2,24,200/- | 29158/11.08.2022 |
| 2 | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ - 3/23 | CFC | ₹10,56,600/- | ₹10,56,100/- | XVFC/2022-23/P/61 - 14/02/2023 |

3)താഴെ ചേർക്കുന്ന പ്രൊജക്ടുകൾക്കായി പഞ്ചായത്തിൽ നിന്നും തുക നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്ട് | ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നം/വൗച്ചർ നം/ തീയതി |
|---|---|---|---|---|---|
| 1 | എസ്.എസ്.കെ. വിഹിതം നൽകൽ - 159/23 | വികസന ഫണ്ട് -ജനറൽ | ₹2,25,443/- | ₹2,25,443/- | 66703/19.10.2022 |

മേൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 13.10.2023 ലെ എൻക്വയറി നം 27-ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ ₹17,85,743/-(₹2,80,000+ ₹2,24,200+₹10,56,100+₹2,25,443) തടസ്സപ്പെടുത്തുന്നു.

1- 21 കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ മൂലേപ്പാറ കുടിവെള്ള പദ്ധതിയുടെ(ജനറൽ) കറന്റ് ചാർജ്ജ്, മെയിന്റനൻസ് ജോലികൾ, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ സംബന്ധിച്ച ചെലവുകൾ വർഷങ്ങളായി പഞ്ചായത്തിൽ നിന്നുമാണ് വഹിച്ചുപോരുന്നത്. ജലസേചന പദ്ധതികളുടെയും, കുടിവെള്ള പദ്ധതികളുടെയും നിർമ്മാണം പൂർത്തിയായശേഷം തുടർ നടത്തിപ്പും, അറ്റകുറ്റപ്പണികളും കർഷക ഗ്രൂപ്പുകളും ഗുണഭോക്തൃസമിതികളും ഏറ്റെടുക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് (സാധാ) 1275/2009 /ത.സ്വ.ഭ.വ തീയതി 30.05.2009 വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്നും ഈ കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ്ജിനത്തിൽ 9,45,816/-രൂപ നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10.11.2016 ലെ ജി.ഒ (ആർ.ടി) 3066/2016 പ്രകാരം പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർ ഗുണഭോക്താക്കളായ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് തനത് ഫണ്ട്, എസ്.സി.പി. ഫണ്ട് എന്നിവയിൽ നിന്ന് അടവാക്കാമെങ്കിലും മറ്റു കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ് അടവാക്കുവാൻ പഞ്ചായത്ത് തീരുമാനമെടുത്തിട്ടുള്ളത് ക്രമപ്രകാരമല്ല. കൂടാതെ പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയതി 28.5.22,ഖണ്ഡിക 7(iv) പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ സമിതി തന്നെ ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ് അടവാക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ഈ പദ്ധതിയുടെ നടത്തിപ്പിനായി മൂന്ന് പമ്പ് ഓപ്പറേറ്റർമാരേയും പഞ്ചായത്ത് നിയമിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ ശമ്പളമിനത്തിൽ പ്രതിവർഷം 3,02,400/- രൂപ ഗ്രാമപഞ്ചായത്തിന് ചെലവ് വരുന്നുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.14/12.10.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് കുടിവെള്ള വിതരണം എന്നിരിക്കെ തനത് വരുമാനം വളരെ കുറവായതിനാൽ വലിയൊരു തുക എല്ലാ മാസവും ഈ കുടിവെള്ള പദ്ധതിയുടെ സംരക്ഷണത്തിനായി ചെലവിടുന്നത് ബാധ്യതയായി മാറുന്നു. ആയതിനാൽ ഈ കുടിവെള്ള പദ്ധതിയുടെ

നടത്തിപ്പ് പൂർണ്ണമായും ഗുണഭോക്തൃ സമിതിയെ ഏല്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1- 22 കാലിത്തീറ്റ വിതരണം-പൊതുവായ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | കറവപ്പശുക്കൾക്ക് കാലിത്തീറ്റ, 178/23 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 5,82,400/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് വിവരം(തുക, ബിൽ നം, തീയതി) | 1)₹1,45,080/-(438/30.03.2023)<br>2)₹4,35,240/-(298/25.02.2023)<br>ആകെ – ₹5,80,320/- |

ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 160 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ വിഹിതം അടവാക്കി, രസീത് ക്ഷീരോല്പാദക സഹകരണ സംഘത്തിൽ ഹാജരാക്കുന്ന മുറയ്ക്ക്, ക്ഷീരോല്പാദക സഹകരണ സംഘം മുഖേന കാലിത്തീറ്റ വിതരണം ചെയ്യുന്നതാണ് പദ്ധതി. ഒരു ചാക്കിന് കാലിത്തീറ്റവില 1,500/- രൂപയെന്ന് കണക്കാക്കി സബ്സിഡി 500/- രൂപയായും ഗുണഭോക്തൃവിഹിതം 750/- രൂപയായുമാണ് നിശ്ചയിച്ചിരുന്നത്. 160 ഗുണഭോക്താക്കൾക്കുള്ള സബ്സിഡിയും, ഗുണഭോക്തൃവിഹിതവും പഞ്ചായത്ത് കേരള ഫീഡ്സിൽ അടവാക്കുകയാണ് ചെയ്യുന്നത്. ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ വിഹിതം അടവാക്കി, രസീത് ഹാജരാക്കുന്ന മുറയ്ക്ക്, ക്ഷീരോല്പാദക സഹകരണ സംഘം കാലിത്തീറ്റ വിതരണം ചെയ്യുന്നു.

ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. കാലിത്തീറ്റ വിതരണത്തിനായി അയ്യമ്പുഴ ക്ഷീരോല്പാദക സഹകരണ സംഘത്തെ തെരഞ്ഞെടുത്ത ഭരണ സമിതി തീരുമാനം, ക്ഷീരോല്പാദക സഹകരണ സംഘവുമായി ചമച്ച കരാർ എന്നിവ ഫയലിൽ ലഭ്യമല്ല.
2. കാലിത്തീറ്റ വിതരണ പദ്ധതിയിൽ നിന്ന് ഇടയ്ക്ക് വിട്ടു പോയ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല.

അപാകതകൾ വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.19/12.10.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് | വന്യജീവി ആക്രമണ പരിഹാര പദ്ധതി, 181/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 2,10,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് വിവരം (ബിൽ നം, തീയതി) | 99,017/- (362/15.03.23)<br>83,131/- (417/28.03.23)<br>ആകെ 1,82,148/- |

ഗ്രാമപഞ്ചായത്തിൽ വർദ്ധിച്ച് വരുന്ന വന്യജീവി ആക്രമണത്തിന് പരിഹാരമായി വിവിധ ഗുണഭോക്താക്കളുടെ കൃഷി സ്ഥലത്തിന്റെ സംരക്ഷണത്തിനായി സൗരവേലി സ്ഥാപിക്കുന്നതിനായി ആവിഷ്ക്കരിച്ചതാണ് മേൽ പ്രോജക്ട്. ആയത് പ്രകാരം സൗരവേലി സ്ഥാപിച്ചതിന് ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. 17.03.2023 ൽ ജില്ലാ തലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനായി നടന്ന യോഗത്തിലെ തീരുമാനമനുസരിച്ച് സൗരവേലി സ്ഥാപിക്കുന്നതിന് വ്യക്തിഗത ഗുണഭോക്താവിന് 50% സബ്സിഡി അനുവദിക്കുന്ന രീതിയിൽ ഒരു കിലോമീറ്ററിന് യൂണിറ്റ് കോസ്റ്റായി നൽകാവുന്നത് 25,000/-രൂപയാണ്. എന്നാൽ ബിൽ നം.417, 28.03.2023 പ്രകാരം അധിക തുകയാണ് അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | സൗരവേലി സ്ഥാപിച്ചതിന്റെ നീളം (മീറ്ററിൽ) | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | മേരി പി പി, പൈനാടത്ത്, പാണ്ടുപാറ | 123 | ₹15,390 | 0.123x25,000=3,075 / 2 = 1,538 | ₹13,852 |
| 2 | ആനീസ് മത്തായി, പൈനാടത്ത്, പാണ്ടുപാറ | 132 | ₹16,577 | 0.132x25,000=3,300 /2 = 1,650 | ₹14,927 |
| 3 | പത്രോസ് പി യു, പുത്തേൻ,പാണ്ടുപാറ | 141 | ₹17,678 | 0.141x25,000=3,525 /2 = 1,763 | ₹15,915 |
| 4 | റൈബി ഷാജു, പുതുശ്ശേരി, പാണ്ടുപാറ | 129 | ₹16,190 | 0.129x25,000=3,225 /2 = 1,613 | ₹14,577 |
| 5 | റോസി മാത്യു, മഴവഞ്ചേരി, പാണ്ടുപാറ | 138 | ₹17,296 | 0.138x25,000=3,450 /2 = 1,725 | ₹15,571 |
| ആകെ അധികം | | | | | ₹74,842 |

മേൽ തുക അധികമായി നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.29/13.10.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം നൽകിയ ₹74,842/-യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-24 പ്ലാന്റേഷൻ പൊതു ടോയ്‌ലറ്റ് - സർക്കാരിന്റെ അനുവാദം ലഭിക്കാതെ പ്രവൃത്തി ചെയ്തു

| | |
|---|---|
| പ്രൊജക്ട് | 45/22-23 പ്ലാന്റേഷൻ പൊതു ടോയ്‌ലറ്റ് |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | ₹10,61,871/- (സിഎഫ്.സി വിഹിതം- ₹7,61,871/-, തനത് ഫണ്ട് - ₹3,00,000) |
| ചെലവ് | ₹7,61,871<br>ബിൽ നമ്പർ/തീയതി-28/13.09.2023<br>₹68986/- (ചെക്ക് നമ്പർ/തീയതി-44535/ 30.03.2023 |
| കരാറുകാരൻ | പോൾ.പി.എസ് |
| എം.ബുക്ക് | 331/21-22 |

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ 1, 2, 3, 5 എന്നീ വാർഡുകളിൽ സ്ഥിതി ചെയ്യുന്ന പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള തൊഴിലാളികളുടെ ലയങ്ങളോട് ചേർന്നും 1, 2 വാർഡുകളിലെ ബ്ലോക്ക് പാൽപ്പുരക്ക് സമീപവും, 5-ാം വാർഡിലെ കണ്ണിമംഗലം എ4 പാൽപ്പുരക്ക് സമീപവും എസ്റ്റേറ്റിലെ തൊഴിലാളികൾക്കായി 12 പൊതുടോയ്‌ലറ്റുകൾ നിർമ്മിച്ച് നല്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ 22-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയാണിത്. കേരള പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ 21.06.2022 ൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ പ്ലാന്റേഷൻ കേർപ്പറേഷന്റെ വകയായ മേൽ സ്ഥലത്ത് പഞ്ചായത്ത് ചെലവിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് എതിർപ്പില്ല എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടോയ്‌ലറ്റ് നിർമ്മിച്ചു നൽകിയിട്ടുള്ളത്. എന്നാൽ ഈ കത്തിൽ ചില നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നടപ്പിലാക്കുന്ന പ്രോജക്ട് അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് പ്ലാന്റേഷൻ കോർപ്പറേഷന്റെ മുൻകൂട്ടിയുള്ള അറിവോടെ മാത്രമെ നിർവ്വഹിക്കാൻ പാടുള്ളുവെന്ന് രേഖപ്പെടുത്തിയിരുന്നു. പദ്ധതിക്കായി ഉപയോഗിക്കുന്ന സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ പാടില്ല. കോർപ്പറേഷന്റെ ദൈനംദിന പ്രവൃത്തികളെ ബാധിക്കാത്ത വിധത്തിൽ ടി പ്രവൃത്തി നടപ്പിലാക്കേണ്ടതാണ് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) പഞ്ചായത്തിന് കൈമാറി കിട്ടിയതോ, പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നതോ ആയ സ്ഥാപനമല്ല കേരള പ്ലാന്റേഷൻ കോർപ്പറേഷൻ. ഇത്തരം ഒരു സ്ഥാപനത്തിന്റെ പ്രവർത്തന മേഖലയിൽ ടോയ്‌ലറ്റ് സ്ഥാപിച്ചു നൽകേണ്ട ബാധ്യത ഗ്രാമ പഞ്ചായത്തിനില്ല. ഇപ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങൾ പഞ്ചായത്തിന്റെ ഫിക്സഡ് അസറ്റായി മാറ്റുവാൻ സാധിക്കില്ല. ആയതിനാൽ പഞ്ചായത്തിന്റെ പണം

ജനോപകാരപ്രദമായാണ് വിനിയോഗിച്ചതെന്ന് വിലയിരുത്താൻ കഴിയില്ല.

2. ഇതുമായി ബന്ധപ്പെട്ട് നടത്തിയ ടെൻഡർ നടപടിയിൽ 20.88% ടെൻഡർ കുറവിലാണ് ശ്രീ പോൾ പി.എസ് എന്ന കരാറുകാരനെ അംഗീകരിച്ചത്. 13.04.2022 ൽ ടിയാൾക്ക് വർക്ക് ഓഡർ നൽകുകയും 01.07.2022 ൽ കരാർ ചമയ്ക്കുകയും ചെയ്തു. എന്നാൽ ഇതിനു ശേഷം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ അലുമിനിയം ട്രഫോഡ് ഷീറ്റിന് പകരം പ്രീകോട്ടഡ് ഗാൽവനൈസ്ഡ് അയൺ പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ച് പ്രവ്യത്തി ചെയ്യുന്നതിന് വേണ്ടി എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് ചൂണ്ടി കാണിച്ച് അസിസ്റ്റന്റ് എഞ്ചിനിയർ പഞ്ചായത്ത് കമ്മറ്റിക്ക് കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17.12.2022 തീയതിയിൽ പഞ്ചായത്ത് കമ്മറ്റിയുടെ 1(9)-ാം നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നൽകുകയും ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ചില എക്സ്ട്രാ ഇനം പ്രവ്യത്തികളും ഉൾപ്പെട്ടിരുന്നു. 4.1.3 സിമെന്റ് കോൺക്രീറ്റിംഗ് (1:2:4 Upto Plinth Level – ₹7668/-), നെഹരി ടാപ് ₹170/-, വേസ്റ്റ് വാട്ടർ ടാങ്ക്, ഫിറ്റിംഗ്സ് പിവിസി പൈപ്പ് (₹281/-) സി.പി. ഹെൽത്ത് ഫോസെറ്റ് ഫിറ്റിംഗ്(₹757/-) പി.വി.സി സെപ്റ്റിക് ടാങ്ക്(₹13466/-) എന്നീ പ്രവ്യത്തികൾക്ക് 13.099% ടെൻഡർ കുറവ് മാത്രമാണ് ബില്ലിൽ നിന്നും വരുത്തിയിട്ടുള്ളത്. ഇത്തരം വ്യതിയാനങ്ങൾ ടെൻഡർ നടപടികളുടെ മത്സര സ്വഭാവത്തിന് വിരുദ്ധമായി പോകുന്നതായി കാണുന്നു. ഇത്തരം റിവൈസ്ഡ് എസ്റ്റിമേറ്റുകൾ പരിശോധിക്കപ്പെടേണ്ടതും ഒഴിവാക്കേണ്ടതുമാണ്.

3. മേൽ പ്രവ്യത്തിയുടെ നിലവിലെ സ്ഥിതി വിവരം, മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

4. ഗുണഭോക്തൃ വിഹിതമിനത്തിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും തുക ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ/തീയതി – 16/22-23/12.10.2023 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ കോർഡിനേഷൻ കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവ്യത്തി നടത്തിയതെന്നാണ്. ആയതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

### 1-25 പാണ്ടുപാറ ഒറ്റത്തേക്ക് ഫോറസ്റ്റ് റോഡ് ടൈലിംഗ് - പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന വസ്തുവിൽ അല്ല പ്രവ്യത്തി ചെയതത്

| | |
|---|---|
| പ്രൊജക്റ്റ് | 45/23 പാണ്ടുപാറ ഒറ്റത്തേക്ക് ഫോറസ്റ്റ് റോഡ് ടൈലിംഗ് |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | 15,36,984/- (മെയിന്റനൻസ് ഗ്രാന്റ്(റോഡ്) |
| ചെലവ് | 15,36,984/-<br>ബിൽ നമ്പർ/തീയതി – 1/2022-23 /21.05.2023 |
| കരാറുകാരൻ | പോൾ. പി.എസ് |
| എം.ബുക്ക് | 331/21-22 |

ഫോറസ്റ്റ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡിന്റെ മെയിന്റനൻസിനായി പഞ്ചായത്തിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ എൻ.ഒ.സി. ഫയലിൽ ലഭ്യമല്ല. ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിലുള്ളതും, ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതുമായ റോഡുകളുടെ മെയിന്റനൻസിനായി മാത്രമേ പഞ്ചായത്തിൽ നിന്നും തുക ചെലവഴിക്കാവൂ എന്നിരിക്കെ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, ഫോറസ്റ്റ് വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ളതുമായ റോഡുകളുടെ മെയിന്റനൻസിനായി പദ്ധതി പണം ചെലവഴിച്ചത് ക്രമ വിരുദ്ധമായ നടപടിയാണ്. ഇത്തരം പ്രവ്യത്തികൾ പഞ്ചായത്തിന്റെ മറ്റ് വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ/തീയതി-22/12.102023 ന് മറുപടി ലഭ്യമാക്കിയത് 28.11.2012 ലെ 68288/FM1/2012/LSGD നമ്പർ ഉത്തരവ് പ്രകാരമാണ് പ്രവ്യത്തി ചെയ്തത് എന്നാണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ പ്രവ്യത്തി നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-26 പള്ളിപ്പാടൻ കവല ലക്ഷ്മി ഭവൻ റോഡ് സൈഡ് കെട്ടലും കൽവർട്ട് നിർമ്മാണവും ഐറിഷ് ഡ്രെയ്ൻ നിർമ്മാണവും

| | |
|---|---|
| പ്രൊജക്റ്റ് | 45/22-23 പള്ളിപ്പാടൻ കവല ലക്ഷ്മി ഭവൻ റോഡ് |

| | |
|---|---|
| | സൈഡ് കെട്ടലും കൽവർട്ട് നിർമ്മാണവും ഐറിഷ് ഡ്രെയ്ൻ നിർമ്മാണം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | ₹2,26,504/- (മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| ചെലവ് | ₹ 2,26,451/-<br>ബിൽ നമ്പർ/തീയതി – 08/30.09.2022 |
| കരാറുകാരൻ | ബെന്നി അബ്രഹാം |
| എം.ബുക്ക് | 160/21-22 |

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം ഏറ്റെടുത്തിട്ടുള്ള പള്ളിപ്പാടൻ കവല ലക്ഷ്മീഭവൻ റോഡ് സൈഡ് കെട്ട്, കൾവർട്ട് നിർമ്മാണം ഐറിഷ് ഡ്രെയിൻ എന്ന പ്രവൃത്തിയിൽ റോഡിന്റെ വശങ്ങൾ ബലപ്പെടുത്തുന്നതിനായി DR Masonry ഉപയോഗിച്ച് കൊണ്ടുള്ള സംരക്ഷണ ഭിത്തി, കൾവർട്ട് നിർമ്മാണം ഐറിഷ് ഡ്രെയിൻ, ഓപ്പൺ ഡ്രെയിൻ എന്നീ നിർമ്മാണ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. എന്നാൽ ഹിൽ ഏരിയ ആയതിനാൽ വെള്ളം ഒഴുകി പോകുന്നതിന് ആവശ്യമായ സൗകര്യം റോഡിന് ഇരുവശങ്ങളിലും ഇല്ലാത്തത് മൂലം റോഡിന് നാശ നഷ്ടം സംഭവിക്കുന്നുണ്ടെന്നതിനാൽ DR Masonry കുറച്ച് ഐറിഷ് ഡ്രെയിൻ കൂടുതൽ നിർമ്മിക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എസ്റ്റിമേറ്റ് അടങ്കൽ ₹15,39,855/- ഉം ആകെ ചെലവ് ₹14,82,968/- ഉം ആണ്.

ബന്ധപ്പെട്ട കരാറുകാരനുമായി 08.12.2021 ൽ കരാറിൽ ഏർപ്പെടുകയും സൈറ്റ് കൈമാറുകയും ചെയ്തിരുന്നു. 2021-22 സാമ്പത്തിക വർഷം ₹12,56,517/- കരാറുകാരന് പാർട്ട് ബിൽ ആയി നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് അപാകതകൾ കാണുന്നു.

1) പദ്ധതിയുടെ പൂർത്തീകരണ കാലാവധി കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കിയതായി കാണുന്നില്ല.

2) 2021-22 സാമ്പത്തിക വർഷത്തിൽ പാർട്ട് പേയ്മെന്റ് ₹12,56,517/- നൽകിയെങ്കിലും 2.5% റിട്ടെൻഷൻ തുക കുറവ് വരുത്താതെയാണ് തുക നൽകിയത്. 2022-23 സാമ്പത്തിക വർഷം 45/22-23 എന്ന പ്രോജക്ടിലൂടെ ₹2,26,451/-ഫൈനൽ ബിൽ തുകയായി നൽകുകയും ചെയ്തിട്ടുണ്ട്.

3) പ്രോജക്ട് സമയബന്ധിതമായി തീർക്കാതിരുന്നതിന് പിഴത്തുക ഈടാക്കിയിട്ടില്ല. പിഴത്തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മേൽ അപാകതകൾ ചൂണ്ടി കാണിച്ച് ഓഡിറ്റ് എൻക്വയറി 23/12.10.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിരുന്നു. മറുപടിയിൽ അപാകതകൾ അംഗീകരിക്കുകയും ഭാവിയിൽ ഉണ്ടാകാതെ ശ്രദ്ധിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1- 27 മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു.

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 1996-97 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡം ആകയാൽ ആയവ തീർപ്പാകാതെ അവശേഷിക്കുന്നത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആശാസ്യമായ സ്ഥിതിവിശേഷം അല്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ) പ്രകാരം യഥാസമയം തന്നെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയവ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ₹200000 | ലൈഫ് ഭവനനിർമ്മാണം -എസ്.സി. (എസ്.0228/23) | ₹200000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹2060000 | ലൈഫ് ഭവനനിർമ്മാണം -എസ്.സി. (എസ്.0071/23) | ₹2060000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹250000 | ഭിന്നശേഷി സ്കോളർഷിപ്പ് (എസ്. 0154/23) | ₹250000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹203237 | അംഗനവാടി പോഷകാഹാരം -ജനറൽ (എസ്.0021/23) | ₹203237 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹575020 | ശ്മശാനം പൂർത്തീകരണം (എസ്.0026/23) | ₹575020 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹125000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ്.0117/23) | ₹125000 | - |
| ആകെ | | ₹3413257 | | ₹3413257 | - |
| ജില്ലാ പഞ്ചായത്ത് | | ₹580000 | ലൈഫ് ഭവനനിർമ്മാണം -ജനറൽ (എസ്.0129/23) | ₹580000 | - |
| ജില്ലാ പഞ്ചായത്ത് | | ₹148160 | ഭിന്നശേഷി സ്കോളർഷിപ്പ് (എസ്. 0154/23) | ₹148160 | - |
| ജില്ലാ പഞ്ചായത്ത് | | ₹147050 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0170/23) | ₹147050 | - |
| ജില്ലാ പഞ്ചായത്ത് | | ₹75000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ്.0117/23) | ₹75000 | - |
| ആകെ | | ₹950210 | | ₹950210 | - |

### 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിവരുന്നു. ഇപ്രകാരം ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

എ) കേരള ജല അതോറിറ്റി

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 22-23 | പൊതുടാപ്പ് നീക്കം ചെയ്യുന്നതിന് തുക നൽകൽ (എസ്.0199/23) | UTR RBI 0692345621796/ 9.3.23 | ₹2,04,300 | | ₹2,04,300 |
| ആകെ | | | ₹2,04,300 | - | ₹2,04,300 |

ഈ തുക ബാലൻസ് ഷീറ്റിലെ ബി – 18 ഷെഡ്യൂളിൽ ക്രമീകരിക്കുവാൻ ബാക്കിനിൽകുന്ന മുൻകൂർ തുകയായി ഉൾപ്പെടുത്തിയിട്ടില്ല.

ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 22-23 | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ (എസ്.0003/23) | XVFC/2022-23 /P/61/14.2.23 | ₹10,56,100 | - | ₹10,56,100 |
| | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ (എസ്.0064/23) | BRN 29158/ 11.8.22 | ₹2,24,200 | | ₹2,24,200 |
| ആകെ | | | ₹12,80,300 | - | ₹12,80,300 |

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി നൽകിയ മുൻകൂർ ₹2,24,200/- ക്രമീകരിക്കുവാൻ ബാക്കിയുള്ളതായി ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം നിർമ്മാണം | ₹4,50,000 | ₹62,57,952 | ₹67,07,952 | ₹14,27,952 | - | ₹52,80,000 |

തിരിച്ചടവിന്റെ വിവരം

| ജി.ഒ.പ്രോജക്ട് നമ്പർ | പേര് | തുക |
|---|---|---|
| 238/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -പൊതുവിഭാഗം | ₹2,89,748 |
| 226/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -പൊതുവിഭാഗം | ₹2,89,749 |
| 227/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -എസ്.സി.പി. | ₹4,24,227 |
| 239/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -എസ്.സി.പി. | ₹4,24,228 |
| ആകെ | | ₹14,27,952 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 & 2015-16 | 2-1, 2-2(a), 2-2(b) | 2016-17 | 2-2, 2-1 | തൊഴിൽ നികുതി, വസ്തു നികുതി | 2-2(a) BSNL ന്റെ കത്ത് ലഭ്യമാക്കിയിട്ടുണ്ട് ബാക്കി പരാമർശങ്ങളിൽ തുക ഒടുക്കിയിട്ടുണ്ട്. |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | : | ₹2,97,56,832.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | : | ₹2,71,01,406.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹22,17,634.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | ₹52,749 | ഡോ.ഡയാനാമോൾ പി.വി, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-18 | ₹2,04,300 | സി.മണികണ്ഠൻ, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-19 | ₹1,00,000 | മനീഷ ടി.എ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-20 | ₹17,85,743 | സി.മണികണ്ഠൻ, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-23 | ₹74,842 | നിഷ പി.എസ്, കൃഷിഓഫീസർ |
| ആകെ | ₹22,17,634 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല
(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ഡയാനാമോൾ പി.വി, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ), അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് | നടക്കൽ, വേങ്ങൂർ പി.ഒ. പെരുമ്പാവൂർ-683546 |
| സി.മണികണ്ഠൻ, സെക്രട്ടറി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് | അമ്പാട്ട് ഹൌസ്, മൂക്കന്നൂർ പി.ഒ. |
| മനീഷ ടി.എ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | പള്ളിയന ഹൌസ്, ചാത്തക്കുളം, അയ്യമ്പുഴ |
| നിഷ പി.എസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് | പുതുശ്ശേരി ഹൌസ്, വേങ്ങൂർ പി.ഒ. പെരുമ്പാവൂർ. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1996-97 | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(1) തീ.04.07.19 |
| 1997-98 | 12 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(2) തീ.04.07.19 |
| 1998-99 | 9 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(3) തീ.04.07.19 |
| 1999-2000 | 2 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(4) തീ.04.07.19 |
| 2000-01(ചെലവ്) | 3 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(5) തീ.04.07.19 |
| 2001-02(ചെലവ്) | - | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(6)തീ.04.07.19 |
| 2001-2002 (വരവ്) | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(6) തീ.04.07.19 |
| 2002-03 | 4 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(7) തീ.04.07.19 |
| 2003-04 | 11 | |
| 2004-05 | 2 | |
| 2005-06 | 5 | |
| 2006-07 | 13 | |
| 2007-08,2008-09, 2009-10&2010-11 | 13 | |
| 2011-12 | 5 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(8) തീ.04.07.19 |
| 2012-13 & 2013-14 | 3 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(9) തീ.04.07.19 |
| 2014-15 | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(10) തീ.04.07.19 |
| 2015-16 | 3 | |

| | | |
|---|---|---|
| 2016-17 | 6 | |
| 2017-18 | 14 | കെ.എസ്.എ.-ഇ.കെ.എം(പി4) 297/2019 / 01.03.2019 |
| 2018-19 | 14 | കെ.എസ്.എ.- ഇ.കെ.എം(പി4)218/2020 /07.03.2020/12.03.2020 |
| 2019-20 | 25 | കെ.എസ്.എ.-ഇ.കെ.എം(പി4) 121/2022/6.7.22 |
| 2020-21 | 29 | കെ.എസ്.എ.-ഇ.കെ.എം(പി4) 122/2022/6.7.22 |
| 2021-22 | 21 | കെ.എസ്.എ.-ഇ.കെ.എം(പി4) 147/2023/04.04.2023 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 14-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Ayyampuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ayyampuzha Grama Panchayat for the year 2022-2023

Date: 13/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Ayyampuzha Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4. Non inclusion of *Notes on Accounts* in Financial statements and non disclosure of material facts.

**2.Other Observations**

1. The following Bank accounts of the Gramapanchayat are not included in the Annual Financial Statement. Canara Bank Angamali, Health Grant, A/c No. 11004252980, Federal Bank Manjapra *Life*

*Scheme A/c No*. 10430100279055, HDFC Aluva BMC A/c No.50100543709654, Federal Bank Manjapra Poverty Identification A/c No.10430100280939.

2. Bank reconcilliation is not done properly for the Federal Bank Manjapra (google pay) A/c No. 10430100281515. A difference of Rs. 155/- is not reconcilled.

3. Election deposit amount of Rs.17500/- is included in the head of account 340109901 Other deposits instead of 340100303 Election Deposit.

4. Property tax DCB is not reconcilled with AFS and Sanchaya.

5. An amount of Rs. 73471.70 as E- tender fee is not included in Balance sheet as receivables.

6. An Unadjusted Deposit amounts of Rs. 224200/- , Rs. 204300/- in KSEB and KWA respectively are not included in the Balance sheet.

7. An amount of Rs. 772991/- as redemption is not included fully in the B.15 Schedule as receivable redemption.

**Deputy Director**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്